തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഓരോ കള്ളുഷോപ്പിലും ജോലി നൽകി പുനരധിവസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിമൂലം അടച്ചുപൂട്ടിയ ചില സ്പിന്നിംഗ് മില്ലുകൾ, കശുവണ്ടി ഫാക്ടറികൾ, കയർ ഫാക്ടറികൾ എന്നിവ തുറന്നു പ്രവർത്തിക്കുന്നതിനായി വിവിധ തലങ്ങളിലായി ചർച്ചകൾ നടന്നുവരികയാണ്.

## കർഷകത്തൊഴിലാളി പെൻഷൻ

62 [2834] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കർഷക തൊഴിലാളി പെൻഷൻ പദ്ധതി പ്രകാരം എത്ര മാസത്തെ പെൻഷൻ നൽകുവാൻ ബാക്കിയുണ്ട്; ഇതിന് എത്ര രൂപ വേണ്ടിവരും; ആയത് എപ്പോൾ കൊടുത്ത് തീർക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

1-4-03 മുതൽ 28-2-05 വരെയുള്ള 23 മാസത്തെ കർഷക തൊഴിലാളി പെൻഷൻ വിതരണം ചെയ്യാൻ ബാക്കിയുണ്ട്. ഇത് വിതരണം ചെയ്യുന്നതിലേക്കായി 1,64,62,46,574 രൂപ (നൂറ്റി അറുപത്തിനാല് കോടി അറുപത്തി രണ്ട് ലക്ഷത്തിനാല്പത്തി ആറായിരത്തി അഞ്ഞൂറ്റി എഴുപത്തിനാല് രൂപ മാത്രം) ആവശ്യമായി വരും. സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്നതനുസരിച്ച് കൊടുത്തു തീർക്കുന്നതാണ്.

## ഈറ്റ-കാട്ടുവള്ളി, തഴ തൊഴിലാളികൾക്ക് പെൻഷൻ ലഭ്യമാക്കാൻ നടപടി

63 [2835] ശ്രീ. എ. എൻ. രാജൻ ബാബു :

,, കെ. കെ. ഷാജു :

,, ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഈറ്റ-കാട്ടുവള്ളി, തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ വന്നപ്പോൾ അതിലേക്ക് മാറ്റം ചെയ്യപ്പെട്ട കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി ബോർഡിലെ അംഗങ്ങൾക്ക് അവർ അടച്ചിട്ടുള്ള തുക നാളിതുവരെയുള്ള പലിശ സഹിതം പുതുതായി രൂപംകൊണ്ട ബോർഡിലേക്ക് കൈമാറാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly